# ഫോട്ടോ

എറണാകുളം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ പരിചയപ്പെടുത്തുന്ന ജില്ലാ വിനോദ സഞ്ചാര കൗൺസിലിന്റെ (DTPC) വെബ്സൈറ്റിൽ ജില്ലയുടെ സൗന്ദര്യം ദൃശ്യമാകുന്ന ഫോട്ടോകൾ/ വീഡിയോകൾ പ്രസിദ്ധീകരിച്ചുവരുന്നു. ജില്ലയുടെ സൗന്ദര്യം പകർത്തുന്ന നിങ്ങളുടേതായ ആവിഷ്കാരങ്ങൾ (ഫോട്ടോകൾ/വീഡിയോകൾ) ഡി.ടി.പി.സിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ അവസരം നൽകുന്നു. ഡി.ടി.പി.സിയുടെ വെബ്സൈറ്റ് മോടിപിടിപ്പിച്ച് വരുന്നത് കേരള സർക്കാരിൻെറ കീഴിലുള്ള ടി.ഇ.പി.എസ്. എന്ന സ്ഥാപനത്തിൻെറ റിസർച്ച് ആൻഡ് കൺസൾട്ടൻസി വിഭാഗമായ ''ഹരിതം'' ആണ്. നിങ്ങളുടെ ചിത്രത്തിൻെറ ലഘു വിശദീകരണം, ചിത്രം പകർത്തിയ വർഷം, എന്നിവ **harithamteps@gmail.com** എന്ന ഇമെയിലിൽ ചിത്രത്തിനൊപ്പം അയയ്ക്കുക. പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുക്കുന്ന ചിത്രങ്ങളുടെ ഛായാചിത്രഗ്രാഹകൻമാർക്ക് പ്രോത്സാഹനമായി നിശിത തുക, സാക്ഷ്യപത്രം എന്നിവ പാരിതോഷികമായി നൽകുന്നതാണ്. ഛായാചിത്രഗ്രാഹകൻമാരുടെ പേര്,സ്ഥലം,ഇമെയിൽ എന്നിവ ചിത്രത്തിനോടൊപ്പം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ അവസരം നൽകുന്നതാണ്.

## പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുക്കുന്ന ചിത്രങ്ങളുടെ വിവരങ്ങൾ

എറണാകുളം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ മനോഹാരിത ദൃശ്യമാക്കുന്നവ, ജില്ലയുടെ മനോഹരിത പ്രകടമാകുന്ന ചിത്രങ്ങൾ പ്രധാന ആകർഷണങ്ങൾ (ഫോർട്ട് കൊച്ചി, ചീനവല, മട്ടാഞ്ചേരി, ജൂതപ്പള്ളി, കൊളോണിയൽ കാലത്തെ കെട്ടിടങ്ങൾ, മറൈൻ ഡ്രൈവ്, വിവിധ ആരാധനാലയങ്ങൾ, ഉത്സവങ്ങൾ, കായൽക്കാഴ്ചകൾ, ദ്വീപുകളിലുള്ള കാഴ്ചകൾ, ഗ്രാമക്കാഴ്ചകൾ, കരകൗശല ഉൽപ്പന്നങ്ങൾ, ഹിൽ പാലസ്, മ്യൂസിയം, മംഗളവനം, തട്ടേക്കാട് പക്ഷി സങ്കേതങ്ങൾ കുമ്പളങ്ങി, കടമക്കുടി, ഗ്രാമങ്ങൾ പെരിയാർ, മൂവാറ്റുപുഴയാർ, ചാലക്കുടിപ്പുഴ, ബ്രോർഡ് വേ, ചന്തകൾ പാർക്കുകൾ, മെട്രോ തുടങ്ങിയവ) എറണാകുളം, കൊച്ചി എന്നീ പ്രദേശങ്ങളുടെ ഗതകാലസ്മരണകൾ ഉളവാക്കുന്ന ചിത്രങ്ങളും പ്രസിദ്ധീകരിക്കാൻ പരിഗണിക്കുന്നതാണ്.

## പാരിതോഷിക നിരക്കുകൾ

| | |
|---|---|
| വെബ്സൈറ്റിന്റെ ഹോംപേജിൽ ബൃഹത് രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിക്കുന്ന ചിത്രം ഒന്നിന് | 500 രൂപ |
| ഹോംപേജിൽ ചെറു രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിക്കുന്ന ചിത്രം ഒന്നിന് | 300 രൂപ |
| മറ്റു പേജുകളിൽ ബൃഹത് രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിക്കുന്ന ചിത്രം ഒന്നിന് | 300 രൂപ |
| പിക്ചർ ഗാലറിയിൽ പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിക്കുന്ന ചിത്രം ഒന്നിന് | 200 രൂപ |
| മറ്റു പേജുകളിൽ പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിക്കുന്ന ചിത്രം ഒന്നിന് | 200 രൂപ |

## മാർഗ്ഗനിർദ്ദേശങ്ങൾ /നിയമാവലി

1. അപ്ലോഡ് ചെയ്യുന്ന ചിത്രങ്ങൾ JPEG ഫോർമാറ്റിലും വീഡിയോകൾ MP4 ഫോർമാറ്റിലും ആയിരിക്കണം
2. ആവിഷ്കാരം സ്വന്തമായി രൂപപ്പെടുത്തിയതാകണം, മറ്റൊരാളുടെ ആവിഷ്കാരത്തിന്റെ പകർപ്പ് ആകുവാൻ പാടുള്ളതല്ല.
3. ആവിഷ്കാരങ്ങൾ 1957 ലെ ഇന്ത്യൻ കോപ്പിറൈറ്റ് ആക്ടിലെ നിയമത്തിലെ വ്യവസ്ഥകളും തുടർന്നുണ്ടായ നിയമങ്ങളും പാലിച്ചു കൊണ്ടാകണം.
4. പ്രസ്തുത ആക്ട് ലംഘിക്കുന്നതായി കണ്ടെത്തിയാൽ അത്തരം ലംഘനങ്ങൾക്ക് ടി.ഇ.പി.എസിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ നിയമ നടപടികൾക്കും ആവിഷ്കാരകൻ/ ആവിഷ്കാരക വിധേയമാകേണ്ടതാണ്.
5. ഫോട്ടോഗ്രാഫ്/വീഡിയോ അയക്കുന്നതിനോടൊപ്പം പേര്,ഫോൺ നമ്പർ, വിലാസം, വയസ്സ് എന്നിവ രേഖപ്പെടുത്തുക തുടർന്നുള്ള എല്ലാ ആശയ വിനിമയത്തിനും ടി.ഇ.പി.എസ്. ഈ വിവരങ്ങൾ ആണ് ഉപയോഗിക്കുന്നത്.

6. നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്ന ആവിഷ്കാരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
7. ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുവാനുള്ള തീരുമാനം കൈക്കൊള്ളുവാൻ സമിതിയെ ടി.ഇ.പി.എസിൻെറ ചീഫ് എക്സിക്യൂട്ടീവ് രൂപികരിക്കും.
8. ചീഫ് എക്സിക്യൂട്ടീവ് അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സമിതി വിധി നിർണ്ണയം നടത്തുക.
9. പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാനും സമിതിക്ക് അധികാരമുണ്ട്.
10. ചിത്രങ്ങളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച അന്തിമതീരുമാനം ടി.ഇ.പി.എസിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാണ്.
11. ഫോട്ടോകൾ/വിഡിയോകൾ തിരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങൾ ഏതു സമയവും ഭേദഗതി വരുത്താൻ ചീഫ് എക്സിക്യൂട്ടീവ്, ടി.ഇ.പി.എസ് ന് അധികാരമുണ്ട്. അത്തരം മാറ്റങ്ങൾ www.thenmalaecotourism.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
12. ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ ആവിഷ്കാരങ്ങൾ സമർപ്പിക്കാവുന്നതാണ്.
13. നിർദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച ആവിഷ്കാരങ്ങൾ പ്രാഥമികമായി പരിശോധിച്ച് സമിതിയുടെ പരിഗണനയ്ക്കു സമർപ്പിക്കും. ഈ സമിതിയുടെ തീരുമാനം അന്തിമം ആയിരിക്കും.
14. തിരഞ്ഞെടുത്ത ചിത്രങ്ങളുടെ വിവരങ്ങൾ 2021 ഒക്ടോബർ 20 ന് www.thenmalaecotourism.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.
15. ലഭിക്കുന്ന ആവിഷ്കാരങ്ങളിൽ നിന്നും എറണാകുളം ഡി.ടി.പി.സിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ആവിഷ്കാരങ്ങൾക്ക് പാരിതോഷികമായി തുകയും പങ്കെടുത്തതിന്റെ സാക്ഷ്യപത്രവും (സർട്ടിഫിക്കറ്റ്) നൽകുന്നതാണ്.
16. പ്രസിദ്ധീകരിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന ചിത്രങ്ങൾ/വീഡിയോകൾ എന്നിവയ്ക്ക് പാരിതോഷികം അർഹരായവരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതാണ്.

17. പ്രസിദ്ധീകരിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന ചിത്രങ്ങൾ/വീഡിയോകൾ എന്നിവയ്ക്ക് സാക്ഷ്യപത്രം ഇമെയിലായി നൽകുന്നതാണ്.
18. ചിത്രങ്ങൾ സമർപ്പിക്കുമ്പോൾ ഫുൾ റെസലൂഷനിൽ സമർപ്പിക്കേണ്ടതില്ല
19. പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുക്കുന്ന ചിത്രങ്ങൾ പ്രസിദ്ധീകരണത്തിന് ആവശ്യപ്പെടുമ്പോൾ മാത്രമേ ഫുൾ റെസലൂഷനിൽ നൽകേണ്ടതുള്ളൂ.
20. ഇതുമായി സംബന്ധിച്ചുള്ള അപ്പീലുകൾക്കായി ഡി.ടി.പി.സി. ചെയർമാനായ എറണാകുളം ഡിസ്ട്രിക്ട് കളക്ടർ അവറുകൾക്ക് സമർപ്പിക്കാവുന്നതാണ്.

**ചീഫ് എക്സിക്യൂട്ടീവ്, ടി.ഇ.പി.എസ്.**

**വിശദവിവരങ്ങൾക്ക്**
തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി (ടി.ഇ.പി.എസ്.)
(കേരള സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പിൻ കീഴിൽ)
കോർപറേറ്റ് ഓഫീസ്: വഴുതക്കാട്, തിരുവനന്തപുരം 695014
ഫോൺ 04712329770, 8547059770